**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4525** **29-10-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് പശ്ചാത്തലത്തിൽ ശബരിമലയിലെ പ്രവേശനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | കോവിഡിന്റെ പശ്ചാത്തലത്തിൽ ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട ഭക്തരെ പ്രവേശിപ്പിക്കാൻ എന്തെല്ലാം ക്രമീകരണങ്ങളാണ് നടത്തുവാൻ ഉദ്ദേശിക്കുന്നത്; ആയതിന്റെ വിശദവിവരങ്ങൾ നൽകാമോ; | (എ) | ശബരിമല തീർത്ഥാടകർക്ക് യാത്രാസൗകര്യത്തിനുള്ള റോഡ് മെയിന്റനൻസ് വർക്കുകൾ, വിശ്രമത്തിനും കുടിവെള്ളലഭ്യത, പ്രാഥമിക കർത്തവ്യങ്ങൾ എന്നിവ നിർവ്വഹിക്കുന്നതിനും ചികിത്സാ സൗകര്യം തുടങ്ങിയ കാര്യങ്ങൾക്ക് വേണ്ടുന്ന അടിസ്ഥാന സൗകര്യങ്ങളൊരുക്കി തീർത്ഥാടനം സുഗമമാക്കാൻ പ്രവൃത്തികൾ ത്വരിതപ്പെടുത്തുന്നതിന് ദേവസ്വം വകുപ്പ് മന്ത്രി 16/06/2021 നും 07/09/21നും തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ്, ഉദ്യോഗസ്ഥർ എന്നിവരുമായും 28/06/2021ന് ബഹു. ജലവിഭവ വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിലും, 06/07/2021 ന് ബഹു.ആരോഗ്യവകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിലും , 07/07/2021 ന് ബഹു. പൊതുമരാമത്തും ടൂറിസവും വകുപ്പ് മന്ത്രിയുടെയും , ബഹു.ഗതാഗത വകുപ്പ് മന്ത്രിയുടേയും സാന്നിദ്ധ്യത്തിലും, 07/10/2021 ന് ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും ബന്ധപ്പെട്ട സർക്കാർ വകുപ്പുകളുടേയും തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റിന്റെയും ഉദ്യോഗസ്ഥരുടേയും യോഗം ചേർന്ന് അതത് വകുപ്പുകൾ എടുക്കേണ്ട നടപടികൾ സംബന്ധിച്ച തീരുമാനങ്ങൾ കൈക്കൊണ്ടിരുന്നു. കോവിഡ് നിയന്ത്രണങ്ങളിൽ ഇളവ് വരുത്തിയിട്ടുള്ള സാഹചര്യത്തിൽ ആദ്യ ഘട്ടം തീർത്ഥാടനത്തിന് 25000 പേരെ അനുവദിക്കുന്നതാണ്. പിന്നീട് കോവിഡ് സാഹചര്യം റിവ്യൂ ചെയ്ത് തീർത്ഥാടകരുടെ എണ്ണം സംബന്ധിച്ച തീരുമാനം എടുക്കുന്നതാണ്. വെർച്വൽ ക്യൂ മുഖേന രജിസ്റ്റർ ചെയ്ത് ദർശനം നടത്താവുന്നതാണ്. കോവിഡ് സാഹചര്യത്തിൽ നെയ്യഭിഷേകത്തിന് മുൻ വർഷം ഏർപ്പെടുത്തിയത് പോലെ ക്രമീകരണം ഏർപ്പെടുത്തും. തീർത്ഥാടകർക്ക് സുരക്ഷയോടെയും നിയന്ത്രണങ്ങളോടെയും പമ്പാ സ്നാനം |

| | | | |
|---|---|---|---|
| | | | അനുവദിക്കുന്നതാണ്. നിലയ്ക്കലിൽ നിന്നും പമ്പയിലേയ്ക്ക് കെ.എസ്. ആർ.റ്റിസി ബസിൽ തീർത്ഥാടകർക്ക് യാത്ര ചെയ്യാം. പമ്പയിൽ തീർത്ഥാടകരെ ഇറക്കിയ ശേഷം സ്വകാര്യ വാഹനങ്ങൾക്ക് നിലയ്ക്കലിൽ പാർക്ക് ചെയ്യാവുന്നതാണ്. കോവിഡ് ഭീഷണിയുള്ളതിനാൽ സന്നിധാനത്ത് വിരിവയ്ക്കാൻ അനുവദിക്കുന്നത് ഉചിതമാകുകയില്ല. |
| (ബി) | തീർത്ഥാടകരെ പ്രവേശിപ്പിക്കുന്നതിനുള്ള വെർച്വൽ ക്യൂ സംവിധാനം നിലനിർത്തിയിട്ടുണ്ടോ? | (ബി) | ശബരിമല തീർത്ഥാടകർക്ക് യാത്രാസൗകര്യത്തിനുള്ള റോഡ് മെയിന്റനൻസ് വർക്കുകൾ, വിശ്രമത്തിനും കുടിവെള്ളലഭ്യത, പ്രാഥമിക കർത്തവ്യങ്ങൾ എന്നിവ നിർവ്വഹിക്കുന്നതിനും ചികിത്സാ സൗകര്യം തുടങ്ങിയ കാര്യങ്ങൾക്ക് വേണ്ടുന്ന അടിസ്ഥാന സൗകര്യങ്ങളൊരുക്കി തീർത്ഥാടനം സുഗമമാക്കാൻ പ്രവൃത്തികൾ ത്വരിതപ്പെടുത്തുന്നതിന് ദേവസ്വം വകുപ്പ് മന്ത്രി 16/06/2021 നും 07/09/21നും തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ്, ഉദ്യോഗസ്ഥർ എന്നിവരുമായും 28/06/2021ന് ബഹു. ജലവിഭവ വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിലും, 06/07/2021 ന് ബഹു.ആരോഗ്യവകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിലും , 07/07/2021 ന് ബഹു. പൊതുമരാമത്തും ടൂറിസവും വകുപ്പ് മന്ത്രിയുടെയും , ബഹു.ഗതാഗത വകുപ്പ് മന്ത്രിയുടേയും സാന്നിദ്ധ്യത്തിലും, 07/10/2021 ന് ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും ബന്ധപ്പെട്ട സർക്കാർ വകുപ്പുകളുടേയും തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റിന്റെയും ഉദ്യോഗസ്ഥരുടേയും യോഗം ചേർന്ന് അതത് വകുപ്പുകൾ എടുക്കേണ്ട നടപടികൾ സംബന്ധിച്ച തീരുമാനങ്ങൾ കൈക്കൊണ്ടിരുന്നു. കോവിഡ് നിയന്ത്രണങ്ങളിൽ ഇളവ് വരുത്തിയിട്ടുള്ള സാഹചര്യത്തിൽ ആദ്യ ഘട്ടം തീർത്ഥാടനത്തിന് 25000 പേരെ അനുവദിക്കുന്നതാണ്. പിന്നീട് കോവിഡ് സാഹചര്യം റിവ്യൂ ചെയ്ത് തീർത്ഥാടകരുടെ എണ്ണം സംബന്ധിച്ച തീരുമാനം എടുക്കുന്നതാണ്. വെർച്വൽ ക്യൂ മുഖേന രജിസ്റ്റർ ചെയ്ത് ദർശനം നടത്താവുന്നതാണ്. കോവിഡ് സാഹചര്യത്തിൽ നെയ്യഭിഷേകത്തിന് മുൻ വർഷം ഏർപ്പെടുത്തിയത് പോലെ ക്രമീകരണം ഏർപ്പെടുത്തും. തീർത്ഥാടകർക്ക് സുരക്ഷയോടെയും നിയന്ത്രണങ്ങളോടെയും പമ്പാ സ്നാനം അനുവദിക്കുന്നതാണ്. നിലയ്ക്കലിൽ നിന്നും പമ്പയിലേയ്ക്ക് കെ.എസ്. ആർ.റ്റിസി ബസിൽ തീർത്ഥാടകർക്ക് യാത്ര ചെയ്യാം. പമ്പയിൽ തീർത്ഥാടകരെ ഇറക്കിയ ശേഷം സ്വകാര്യ വാഹനങ്ങൾക്ക് നിലയ്ക്കലിൽ പാർക്ക് ചെയ്യാവുന്നതാണ്. കോവിഡ് ഭീഷണിയുള്ളതിനാൽ |

| | | | |
|---|---|---|---|
| | | | സന്നിധാനത്ത് വിരിവയ്ക്കാൻ അനുവദിക്കുന്നത് ഉചിതമാകുകയില്ല. |

സെക്ഷൻ ഓഫീസർ